നമ്പർ ഇ2- 20864/2013

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 31-12-2013

## സർക്കുലർ 10/2013

വിഷയം :- ജയിലുകൾ- ജീവനക്കാര്യം - ജയിലുകളിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റുകളിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് - സംബന്ധിച്ച്

സൂചന :- ഇല്ല.

ജയിൽ വകുപ്പിൽ ഭക്ഷ്യനിർമ്മാണ വിതരണ യൂണിറ്റുകൾ പ്രവർത്തിക്കുന്ന ജയിലുകളിൽ അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും പരിപാലിക്കാതെയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടി യൂണിറ്റുകളിൽ സാമ്പത്തിക അഴിമതി തടയുന്നതിനും ഭക്ഷ്യ ഉല്പന്നങ്ങളുടെ നിർമ്മാണ വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനും താഴെ പറയുന്ന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്.

1) സബ്സിഡിയറി ക്യാഷ് ബുക്ക്
2) പർച്ചേയ്സ് രജിസ്റ്റർ
3) സ്റ്റോക്ക് ബുക്ക്
4) സെയിൽസ് രജിസ്റ്റർ
5) ഇൻ-ഔട്ട് രജിസ്റ്റർ
6) ചെലാൻ / ഡി ഡി രജിസ്റ്റർ
7) മാസ/വാർഷിക ലാഭ നഷ്ട സ്റ്റേറ്റുമെന്റുകൾ

ഇവ കൂടാതെ ഓരോ യൂണിറ്റിനും ആവശ്യമെന്ന് തോന്നുന്ന പക്ഷം മറ്റ് ബന്ധപ്പെട്ട രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അവ പരിശോധിച്ച് യഥാസമയം സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതും ഓഡിറ്റ് പരിശോധനാ വേളയിൽ ഇവ ഹാജരാക്കേണ്ടതുമാണ്.

സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സൂപ്രണ്ട്
സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ
ജില്ലാ ജയിലുകൾ
സ്പെഷ്യൽ സബ് ജയിലുകൾ

പകർപ്പ് :
ഫയൽ / കരുതൽ ഫയൽ

റ്റി.എസ്